**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3005** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനത്തെ ആശ്രയിക്കുന്ന ആദിവാസി സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും ബന്ധപ്പെട്ട വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വനത്തിനുള്ളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി വനം വകുപ്പ് നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**1) പങ്കാളിത്ത വനപരിപാലനം**<br><br>കേരളത്തിൽ പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾക്കായി വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ച **36** വന വികസന ഏജൻസികൾക്കു കീഴിലായി **427** വന സംരക്ഷണ സമിതികളും (VSSs), 213 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും ( EDCs) പ്രവർത്തനം നടത്തി വരുന്നു. ടി VSS/EDCകളിൽ തദ്ദേശവാസികളായ ആദിവാസികൾ ഉൾപ്പടെയുള്ള വനാശ്രിതർ അംഗങ്ങളാണ്. ടി സമിതികളെ വനം വകുപ്പ് നടപ്പാക്കുന്ന വിവിധ വനവൽക്കരണ വന പരിപാലന പദ്ധതികളിൽ പങ്കാളികളാക്കി വരുന്നു. ഇത്തരത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി (GIM), നഗർ വൻ യോജനയ്ക്ക് കീഴിലെ പദ്ധതികൾ, കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ വൻ ധൻ വികാസ് യോജനയ്ക്ക് (VDVK)കീഴിലെ പദ്ധതികൾ, MSP for MFPപദ്ധതി എന്നിവയും നടപ്പാക്കി വരുന്നു. ടി പദ്ധതികൾക്ക് കീഴിലെ വന സംരക്ഷണ/ വന വൽക്കരണ പ്രവർത്തികൾ വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്.<br><br>**2) ഇക്കോട്ടൂറിസം**<br><br>വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വന പരിപാലന തത്വത്തിന് കീഴിൽ വനം വകുപ്പ് നടപ്പാക്കി |

വരുന്ന ഒരു പദ്ധതിയാണ് "ഇക്കോട്ടൂറിസം". കേരളത്തിൽ നിലവിൽ 71 അംഗീകൃത ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. വനം വകുപ്പിന്റെ തനത് ഫണ്ട് വിഹിതം ഉപയോഗിച്ചും, ടൂറിസം വകുപ്പിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചും ഇക്കോട്ടൂറിസം പദ്ധതികൾക്കാവശ്യമായ പ്രവർത്തികൾ നടപ്പാക്കി വരുന്നു. അതാത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDCകളാണ് ടി ഇക്കോട്ടൂറിസം പദ്ധതിയുടെ നടത്തിപ്പ് പരിപാലന ചുമതലകൾ നിർവഹിക്കുന്നത്. ഇക്കോട്ടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും പരിപാലനത്തിനുമായി ഏകദേശം 2100 സമിതി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചു വരുന്നു. ഇതിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിത നിലവാരം ഉയരുന്നതിനും സഹായകരമാകുന്നു.

**3. <u>വനശ്രീ</u>**

കേരളത്തിലെ വനങ്ങളിൽ ലഭ്യമാകുന്ന ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും വിപണനവുമാണ് വനാശ്രിതരായ ആദിവാസികളുടെ പ്രധാന ഉപജീവന മാർഗ്ഗം. വനത്തിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന വന വിഭവങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധനവ് നടത്തി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ "വനശ്രീ" പദ്ധതി വഴി വിപണനം ചെയ്യുന്നു. ഇതിലൂടെ മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ തങ്ങളുടെ വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനും അതിലൂടെ ടി വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു . നിലവിൽ കേരളത്തിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. ടി ഇക്കോഷോപ്പുകളുമായി ബന്ധപ്പെട്ട സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ പ്രവർത്തനങ്ങളിൽ ആദിവാസികൾ ഉൾപ്പെടെ VSS/EDC അംഗങ്ങളെ പങ്കാളികളാക്കുന്നു. അതിലൂടെയും അവർക്ക് കൂടുതൽ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് കഴിയുന്നു. വനശ്രീയുടെ പ്രവർത്തന വൈവിദ്ധ്യത്തിന്റെ ഭാഗമായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം **(Vanasree.in)** വഴി വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം വനം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇ-കൊമേഴ്സ് വഴിയുള്ള വില്പന, വനശ്രീ ഉൽപ്പന്നങ്ങൾ രാജ്യവ്യാപകമായി വിപണികൾ

കണ്ടെത്താൻ വലിയ തോതിൽ സഹായകരമായി തീർന്നിട്ടുണ്ട്. ഇതിലൂടെ വനശ്രീ ഉൽപ്പന്നങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ രാജ്യത്തുടനീളം എത്തിക്കുവാൻ സാധിക്കുന്നു. കേരളത്തിലെ വിവിധ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങൾ സംഘടിപ്പിച്ച എക്സിബിഷനുകളിൽ വിവിധ വനവികസന ഏജൻസികളിലെ വനശ്രീ യൂണിറ്റുകൾ പങ്കെടുക്കുകയും, മികച്ച രീതിയിൽ വനവിഭവങ്ങളുടെ വിപണനം നടത്തുകയും ചെയ്തു വരുന്നുണ്ട്.

കേരള സർക്കാർ നടപ്പിലാക്കിയ 'ലക്കിബിൽ' സമ്മാന പദ്ധതിയിൽ GST വകുപ്പുമായി ചേർന്ന് വിജയികൾക്ക് വനശ്രീ ഉത്പ്പന്നങ്ങൾ സമ്മാനമായി നൽകുന്നു. നിലവിൽ 1500 -ൽ പരം വിജയികൾക്ക് ഇത്തരത്തിൽ 1000 രൂപ വീതമുള്ള വനശ്രീ വിഭവങ്ങൾ അടങ്ങിയ കിറ്റ് സമ്മാനമായി നൽകിയിട്ടുണ്ട്. സംസ്ഥാന വനവികസന ഏജൻസിയുടെ നേതൃത്വത്തിൽ ചാലക്കുടി വനവികസ ഏജൻസി നടപ്പിലാക്കുന്ന പദ്ധതി വനാശ്രിത സമൂഹങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് കൂടുതൽ വിപണി ലഭിക്കുവാനും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു. ഈ പദ്ധതി വനാശ്രിത ആദിവാസി യുവതികളാണ് ഏറ്റെടുത്തു നടത്തുന്നത്. **2021-2022** കാലയളവിൽ ആരംഭിച്ച വെർച്വൽ ഗോ-ഡൗൺ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയുള്ള സോഫ്റ്റ്‌വെയറാണ് നോൺ-ടിംബർ ഫോറസ്റ്റ് പ്രൊഡ്യൂസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം **(NTFP-IMS).** സംസ്ഥാന വന വികസന ഏജൻസി **(SFDA)** സർക്കിൾ, ഡിവിഷൻ ലെവൽ ഓഫീസർമാർക്കും, ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നവർക്കും തെരഞ്ഞെടുത്ത ഏജൻസികളുടെ സാങ്കേതിക പിന്തുണയോടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

**4. <u>അക്കാദമിക് സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തം</u>**

**VSS/EDC**കളുടെ മൈക്രോപ്ലാൻ പുതുക്കുന്നതിനു വേണ്ടി അക്കാദമിക് സ്ഥാപനങ്ങളുമായുള്ള സഹകരണം വിവിധ **FDA**കൾ നടത്തി വരുന്നുണ്ട്. കേരളത്തിലെ വിവിധ സർവകലാശാലകളും, കോളേജുകളുമായി ചേർന്നുകൊണ്ട് മൈക്രോപ്ലാൻ ഡോക്യുമെന്റേഷൻ, ഗോത്ര ഗ്രാമങ്ങളുടെ മാപ്പിംഗ്, തടിയേതര വന ഉൽപ്പന്നങ്ങളുടെ റിസോഴ്സ് മാപ്പിംഗ്, തദ്ദേശീയമായ രീതികളുടെയും, അറിവുകളുടെയും ഡോക്യുമെന്റേഷൻ എന്നിവ നടത്തുകയുണ്ടായി. കൂടാതെ മെഡിക്കൽ പ്ലാന്റുകളുടെ ഡോക്യുമെന്റേഷൻ,

തടിയേതര വനഉൽപ്പന്നങ്ങളുടെ ഡാറ്റാബേസ് എന്നിവ വിവിധ **FDA**കൾ അക്കാദമിക് സമൂഹത്തിന്റെ പിന്തുണയോടെ തയ്യാറാക്കിയിട്ടുണ്ട്. **VSS/EDC** കളുടെ മൈക്രോപ്ലാൻ പുതുക്കൽ പ്രക്രിയ **70** ശതമാനമായി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.

**5. <u>നൈപുണ്യ പരിശീലനം, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ</u>**

കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'ട്രെസ്സ്പാസ്സേർസ് ആർട്ടിസ്റ്റ് ഗ്രൂപ്പുമായി സഹകരിച്ച് സംസ്ഥാനത്തുടനീളമുള്ള വിവിധ ആദിവാസി ഊരുകളിൽ ചിത്രരചന, കളിമൺ മോഡലിംഗ് എന്നിവയിൽ പരിശീലനം നല്കാൻ അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന നൈപുണ്യ ശില്പശാലകൾ **SFDA** സംഘടിപ്പിച്ചു വരുന്നു. **2020-2022** കാലയളവിൽ **SFDA** ഇത്തരത്തിൽ **6** ക്യാമ്പുകൾ വനാശ്രിത ഊരുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. കൂടാതെ കേരളത്തിലുടനീളം ഇവരുടെ ആരോഗ്യപരിപാലനം മുൻനിർത്തി മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. കേരള മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് ആദിവാസി വിഭാഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി വരുന്നു.

**6. <u>ശാസ്ത്രശില്പശാലകൾ</u>**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളോജിയുമായി സഹകരിച്ച് **2023** ഡിസംബറിൽ തെന്മല **FDA**യിലെ വിദ്യാർത്ഥികൾക്കായി അറിവാങ്ക, കരുമം എന്ന പേരിൽ **SFDA** സംഘടിപ്പിച്ച ക്യാമ്പിൽ തെന്മല ഫോറസ്റ്റ് ഡിവിഷനിലെ വില്ലുമല **VSS** ആതിഥേയത്വം വഹിച്ചു. റോക്കറ്റ്, ബഹിരാകാശം തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തി റോക്കറ്റ് സയൻസ് സെക്ഷനുകൾ നടത്തി. ക്യാമ്പിന്റെ ഭാഗമായി വില്ലുമല നോർത്ത് ഊരിൽ വാനനിരീക്ഷണം സംഘടിപ്പിച്ചു.

**7. <u>സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖേന വനം വകുപ്പിൽ നിയമനം</u>**

വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് **500** പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖേന വനം വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. ഇപ്രകാരം സൃഷ്ടിച്ച **500** ബീറ്റ് ഫോറസ്റ്റ് ഓഫീസർ

തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുകയും യോഗ്യത പരീക്ഷയുടെയും, കായികക്ഷമതാ പരീക്ഷയുടെയും അടിസ്ഥാനത്തിൽ യോഗ്യരായ **500** പേർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

**8) കതിർ ലൈബ്രറി പദ്ധതി / ഇൻഷ്വറൻസ് പരിരക്ഷ**

സംസ്ഥാന വന വികസന ഏജൻസി **(SFDA)** വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് 'കതിർ'. സംസ്ഥാനത്തെ വിവിധ ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് ലൈബ്രറികൾ, സാംസ്കാരിക-കരിയർ ഓറിയന്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. പദ്ധതിയിലൂടെ, സംസ്ഥാനത്തെ ഏകദേശം 150 ആദിവാസി ഗ്രാമങ്ങളെ ദത്തെടുക്കാനും സാംസ്കാരിക പഠനകേന്ദ്രങ്ങളാക്കി മാറ്റാനും **SFDA** ലക്ഷ്യമിടുന്നു. വിവിധ സർവകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ച് പൊതു കൺസോർഷ്യം എന്ന നിലയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. നാളിതുവരെ ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ **8** ആദിവാസി ഊരുകളിൽ വിവിധ അക്കാദമിക് സ്ഥാപനങ്ങൾ (കോളേജുകളും, യൂണിവേഴ്സിറ്റികളും), വന വികസന ഏജൻസികൾ എന്നിവയുമായി സഹകരിച്ച് ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ട്. വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി സമൂഹങ്ങൾക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന അപകട മരണങ്ങൾ, ഹോസ്പിറ്റലൈസേഷൻ എന്നീ കേസുകളിൽ **SFDA** മുഖാന്തിരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി വരുന്നു.

**9. സൃഷ്ടി സ്കോളർഷിപ്പ്**

കേരളത്തിലെ വനാശ്രിതരായ പട്ടിക/ ഗോത്ര വർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പെൺകുട്ടികൾക്ക് പഠന സഹായത്തിനായി കേരള സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ വനം വകുപ്പ് സൃഷ്ടി സ്കോളർഷിപ്പ് നടപ്പിലാക്കി വരുന്നു.

**10. പട്ടികവർഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006 നടപ്പാക്കൽ.**

2007 ജനുവരി 2-ലെ വിജ്ഞാപനമനുസരിച്ച് വനാവകാശ നിയമം (FRA) എന്നറിയപ്പെടുന്ന

| | | | |
|---|---|---|---|
| | | | 'പട്ടികവർഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006' നടപ്പാക്കി. തലമുറകളായി വനങ്ങളിൽ താമസിച്ചുവന്നതും എന്നാൽ അവരുടെ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തതുമായ ഗോത്രവർഗ്ഗക്കാർക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും അവർ അധിവസിക്കുന്ന ഭൂമിയിന്മേൽ ചില നിബന്ധനകളോടെ വനഭൂമിക്കും ചെറുകിട വനവിഭവങ്ങൾക്കും മേൽ കൈവശാവകാശം രേഖപ്പെടുത്തുന്നതിനുള്ള നിയമമാണിത്. പട്ടികവർഗ വികസന വകുപ്പിനെ (STDD) നിയമം നടപ്പാക്കുന്നതിനുള്ള 'നോഡൽ ഏജൻസി' ആയി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. റവന്യൂ, വനം വകുപ്പുകൾ നിയമം നടപ്പാക്കുന്നതിന് നോഡൽ ഏജൻസിക്ക് എല്ലാ സഹായവും നൽകുന്നുണ്ട്. ഇതുവരെ 28681 വ്യക്തിഗത അവകാശങ്ങളും, 258 സാമൂഹിക അവകാശങ്ങളും 537 വികസന അവകാശങ്ങളും വനാവകാശ നിയമ പ്രകാരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക വഴി വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും, ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാര ഉയർച്ചയ്ക്കും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും വനം വകുപ്പിന് സാധിക്കുന്നു. |
| (ബി) | ഇതിൻ പ്രകാരം 2022, 2023 കാലയളവിൽ കേരളത്തിൽ ആദിവാസി വിഭാഗങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ പ്രവർത്തനങ്ങളിലൂടെ ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ, ഭക്ഷ്യസുരക്ഷ, ഇൻഷ്വറൻസ്, മെച്ചപ്പെട്ട ജീവിത നിലവാരം എന്നിവ ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ